**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3852** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾ ഉപയോഗിച്ച് ഇതരസംസ്ഥാനത്ത് നിന്നും വാങ്ങുന്ന കിടാരികളുടേയും കറവപ്പശുക്കളുടേയും ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് സംവിധാനം ഇല്ലാത്തതിനാൽ സർക്കാർ തലത്തിൽ ഗുണനിലവാരമുള്ള കിടാരികളെയും കറവപ്പശുക്കളെയും വാങ്ങിക്കൊടുക്കുന്നതിനുള്ള വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾ ഉപയോഗിച്ച് ഇതരസംസ്ഥാനത്ത് നിന്നും വാങ്ങുന്ന കിടാരികളുടേയും കറവപ്പശുക്കളുടേയും ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് സാമ്പത്തിക ഭദ്രതയുള്ള ക്ഷീരസംഘങ്ങളെ തെരഞ്ഞെടുത്ത് Herd Quarantine cum Trading centre 2022-23 സാമ്പത്തിക വർഷം മുതൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഗുണ നിലവാരമുള്ള കിടാരികളെയും കറവപ്പശുക്കളെയും വാങ്ങി കൊടുക്കുന്നതിനായി നിലവിൽ, ബ്ലോക്ക് തലത്തിൽ വെറ്ററിനറി ഡോക്ടർ ഉൾപ്പെട്ട പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അന്യ സംസ്ഥാനത്ത് നിന്നും വാങ്ങി കൊണ്ടു വരുന്ന കന്നുകാലികളിൽ തൈലേറിയ രോഗം കണ്ടു വരുന്നതിനെ തുടർന്ന് ആയത് നിയന്ത്രിക്കുന്നതിന്, Standard Operating Procedure രൂപപ്പെടുത്തുന്നതിനായി കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രാദേശിക ക്ഷീര സംഘങ്ങളിലെ അംഗങ്ങൾക്ക് ഗുണനിലവാരമുള്ളതും ചെലവ് കുറഞ്ഞതുമായ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനും പാല് ഉപയോഗിച്ചുകൊണ്ടുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണരീതി എന്നിവ പരിശീലിപ്പിക്കുന്നതിനും നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രാദേശിക ക്ഷീര സംഘങ്ങളിലെ അംഗങ്ങൾക്ക് ഗുണനിലവാരമുള്ളതും ചെലവ് കുറഞ്ഞതുമായ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് 2021-22 സാമ്പത്തിക വർഷം 3 ക്ഷീരസംഘങ്ങളിൽ Assistance for DCS for the Utilization of Non-conventional feed Resources എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു.<br><br>പാൽ ഉപയോഗിച്ചുകൊണ്ട് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം ക്ഷീരവികസന വകുപ്പ്, 5 ക്ഷീരപരിശീലനകേന്ദ്രങ്ങൾ മുഖാന്തിരവും പത്തനംതിട്ട അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന DEDC വഴിയും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഇതു കൂടാതെ പാൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് ജോയിന്റ് ലയാബിലിറ്റി ഗ്രൂപ്പുകൾക്ക് Manufacturing and Marketing of Products & Bio Inputs എന്ന പദ്ധതിയിലൂടെ ധനസഹായവും നൽകുന്നുണ്ട്.<br><br>പ്രാദേശിക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ഗുണനിലവാരമുള്ളതും ചെലവ് കുറഞ്ഞതുമായ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനും പാല് ഉപയോഗിച്ച് കൊണ്ടുള്ള മൂല്യ വർധിത ഉൽപന്നങ്ങളുടെ നിർമ്മാണ രീതി എന്നിവ പരിശീലിപ്പിക്കുന്നതിനും വിദഗ്ധ ശാസ്ത്രീയ പരിശീലനം നൽകാൻ കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാലയിൽ സൗകര്യമുണ്ട്. കൂടാതെ സർവകലാശാല ക്ഷീര സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് അവർക്ക് വിവിധ വിഷയങ്ങളിൽ ദൈനംദിന അറിവുകൾ, നൂതന അറിവുകൾ എന്നിവ നൽകുന്നതിന് 'പാലറിവുകൾ' എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ക്ഷീരസംരക്ഷകരും വളർത്ത് മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഇടയിൽ നൂതന അറിവുകൾ പങ്കുവെക്കുകയും, ബോധവത്കരണം നടത്തുകയും ചെയ്യുന്നതിനും, അതുവഴി അവരുടെ തൊഴിലിൽ അഭിവൃദ്ധി വരുത്തുകയും ചെയ്യുന്നതിന് കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല നടപ്പാക്കി വരുന്ന പദ്ധതിയാണ് 'പാൽ അറിവുകൾ'. പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി ഇടുക്കി ജില്ലയിലേക്കും വ്യാപിപ്പിക്കുകയാണ്. സംസ്ഥാന ക്ഷീരവികസന വകുപ്പുമായി ചേർന്നാണ് പദ്ധതി സംഘടിപ്പിക്കുന്നത്. ക്ഷീര സംഘങ്ങളിലെ ഭാരവാഹികൾ, അംഗങ്ങൾ, സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ എന്നിവരെ ഉൾപ്പെടുത്തി കൂട്ടായ്മകൾ രൂപീകരിക്കുകയും, ഓരോ ആഴ്ചയിലും പകർന്ന് നൽകുന്ന ശാസ്ത്രീയ അറിവുകൾ 'പാൽ അറിവുകൾ' എന്ന പേരിൽ പ്രത്യേകം ക്ഷീര സഹകരണ സംഘങ്ങളിൽ പ്രദർശിപ്പിക്കുകയും സമൂഹ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി. |
| (സി) | ഇൻഷ്വറൻസ് പദ്ധതിയുടെ ഉടമസ്ഥാവകാശം കാലാവധി തീരുന്നതിന് മുമ്പ് മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (സി) | പോളിസി കാലാവധി അവസാനിക്കുന്നതിനു മുമ്പ് കന്നുകാലിയെ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നതിന്, വെറ്ററിനറി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ കൈമാറ്റത്തിനുള്ള അപേക്ഷ, ഇരുന്നൂറു രൂപ മുദ്രപത്രത്തിൽ വില്പനക്കാരന്റെ |

| | | | |
|---|---|---|---|
| | | | സത്യവാങ്മൂലം, കന്നുകാലിയുടെ രണ്ട് ഫോട്ടോകൾ (ടാഗ് നമ്പർ വ്യക്തമായി കാണുന്ന ഫോട്ടോയും കന്നുകാലിയുടെ ഫുൾ ബോഡി ഫോട്ടോയും) എന്നീ രേഖകൾ ഇൻഷുറൻസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ആയത് രേഖകൾ സമർപ്പിച്ചാൽ ഉടനെ തന്നെ ഇൻഷുറൻസ് കമ്പനി ഉടമസ്ഥാവകാശം മാറ്റി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ